# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3814

## 21/06/2019 ൽ മറുപടി നൽകേണ്ടത്

### സാമൂഹ്യ സുരക്ഷാ പെൻഷൻ

**ചോദ്യം**
ശ്രീ.സി.കെ.ശശീന്ദ്രൻ

**മറുപടി**
ഡോ.ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ നൽകിവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണ്; വിശദമാക്കാമോ; | നിലവിൽ നൽകി വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ<br>4. കർഷക തൊഴിലാളി പെൻഷൻ<br>5. 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ<br>ക്ഷേമനിധി ബോർഡ് പെൻഷൻ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ നൽകിവരുന്ന ക്ഷേമ പെൻഷനുകൾക്ക് കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കുന്നുണ്ടോ; കേന്ദ്ര സഹായം ലഭിക്കുന്നവ ഏതെല്ലാമാണ്; | സംസ്ഥാനത്ത് നൽകി വരുന്ന 3 സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് മാത്രം കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ കേന്ദ്രവിഹിതം ലഭിക്കുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ |
| (സി) | ഓരോ ക്ഷേമ പെൻഷനിലും സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്രസർക്കാർ വിഹിതവും എത്ര വീതമാണ്; വിശദമാക്കാമോ? | മറുപടി അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. (ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ). |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| നം | ക്ഷേമനിധി ബോർഡ് / വകുപ്പ് | പെൻഷൻ പദ്ധതി |
|---|---|---|
| 1 | തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ക്ഷേമനിധി അംഗങ്ങൾക്ക് ക്ഷേമപെൻഷൻ നൽകി വരുന്നു. |
| 2 | മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കായി താഴെ പറയുന്ന ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1.മത്സ്യതൊഴിലാളി വാർദ്ധക്യകാല പെൻഷൻ<br>2.അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ<br>3.മത്സ്യത്തൊഴിലാളി വിധവ പെൻഷൻ |
| 3 | ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത് പെൻഷന് അർഹത നേടുന്ന ഒരംഗത്തിന് പ്രതിമാസം 1200/- രൂപ നിരക്കിൽ പെൻഷന് അർഹതയുണ്ട്. 01.04.2020 മുതൽ പെൻഷൻ നിരക്ക് 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 4 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കയർ തൊഴിലാളി ക്ഷേമ പെൻഷൻ നൽകി വരുന്നു. |
| 5 | ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഖാദി തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച തൊഴിലാളികൾക്ക് പത്ത് വർഷത്തെ സേവനവും 60 വയസ്സ് പൂർത്തിയാകുകയും ചെയ്യുമ്പോൾ ബോർഡിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിച്ച് വരുന്നു. |
| 6 | വ്യാപാരി ക്ഷേമനിധി ബോർഡ് | വ്യാപാരി ക്ഷേമ ബോർഡിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയായ അംഗങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി വ്യാപാരി ക്ഷേമ പെൻഷൻ നൽകുന്നുണ്ട്. |
| 7 | അസംഘടിത തൊഴിലാളി(റിട്ടയേർഡ്)ക്ഷേമനിധി ബോർഡ് | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക് 'കേരള സംസ്ഥാന |

| | | |
|---|---|---|
| | | അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പെൻഷൻ' എന്ന പേരിൽ റിട്ടയർമെന്റ് പെൻഷൻ നൽകിവരുന്നു. |
| 8 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സൂപ്പറാന്വേഷൻ പെൻഷൻ ആയി (ക്ഷേമപെൻഷൻ) പ്രതിമാസം 1,200/- രൂപ നൽകി വരുന്നു. 01.04.2020 മുതൽ ഇത് 1300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| 9 | ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗത്വം നേടി 60 വയസിനു ശേഷം വിരമിക്കുന്ന തൊഴിലാളികൾക്ക് പദ്ധതി പെൻഷനും ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിക്കുന്നതിനു മുൻപ് (05.08.2000) 60 വയസ് കഴിഞ്ഞതിനാൽ ക്ഷേമനിധിയിൽ അംഗത്വം എടുക്കാൻ സാധിക്കാതെ വരികയും ഈ മേഖലയിൽ 3 വർഷത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളതുമായ തൊഴിലാളികൾക്ക് പദ്ധതി ഇതര പെൻഷനും കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നൽകുന്നു. |
| 10 | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് സർക്കാർ ധനസഹായത്തോടെ കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ നൽകിവരുന്നു. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | **1. പെൻഷൻ:** മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 8 വർഷം ക്ഷേമനിധിയിൽ അംഗത്വമുള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ ടേബിൾ I, II, II(a) (ബസ്, ടൂറിസ്റ്റ് ബസ്, ലോറി) ടേബിൾ III, IV (ടാക്സി കാർ, ടെമ്പോ ട്രാവലർ, ഓട്ടോറിക്ഷ) എന്നിവയിൽ ഉൾപ്പെടെ തൊഴിലാളികൾക്ക് സർവ്വീസിൽ നിന്നും പിരിയുമ്പോൾ പ്രതിമാസം 1200/- രൂപ മിനിമം പെൻഷൻ ലഭിക്കുന്നതാണ്. 7 വർഷവും 6 മാസവും സർവ്വീസുള്ളവരെയും ഈ പെൻഷന് പരിഗണിക്കുന്നതാണ്. കൂടാതെ 8 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള ടേബിൾ I, II, II(a) എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 75/- രൂപയും ടേബിൾ III, IV എന്നിവയിൽ ഉൾപ്പെട്ട തൊഴിലാളിയ്ക്ക് 50/- രൂപയും അധികമുള്ള ഓരോ വർഷത്തിനും കണക്കാക്കി വർധിപ്പിച്ച നിരക്കിൽ പെൻഷൻ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. |

| | | |
|---|---|---|
| | | **2. സ്വയം വിരമിക്കൽ പെൻഷൻ**<br>8 വർഷത്തെ സർവ്വീസ് പൂർത്തിയാക്കുകയും 55 വയസ്സിൽ സ്വയം വിരമിക്കുകയും ചെയ്യുന്ന എല്ലാ ടേബിളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പ്രതിമാസം മിനിമം 1200/- രൂപ പെൻഷൻ ലഭിക്കുന്നതാണ്. ഇങ്ങനെ സ്വയം വിരമിച്ച തൊഴിലാളികൾക്ക് വീണ്ടും ക്ഷേമനിധിയിൽ ചേരാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.<br>**3. അവശതാ പെൻഷൻ**<br>ക്ഷേമ നിധിയിൽ അംഗത്വമുള്ളതും തുടർന്ന് ജോലി ചെയ്യാൻ കഴിയാത്ത വിധത്തിൽ സ്ഥിരമായി പൂർണ്ണ അവശത അനുഭവിക്കുന്നതുമായ തൊഴിലാളിയ്ക്ക് സർവ്വീസ് ദൈർഘ്യം കണക്കാക്കാതെ മിനിമം 1200/- രൂപ പെൻഷൻ അനുവദിക്കുന്നതാണ്. |
| 12 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി പെൻഷൻ പദ്ധതി വ്യവസ്ഥ പ്രകാരം അനുവദിച്ച് വരുന്നു. |
| 13 | കേരള റേഷൻ വ്യാപാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നും റേഷൻ വ്യാപാര രംഗത്തു നിന്നും വിരമിച്ച ക്ഷേമനിധി അംഗങ്ങൾക്ക് പ്രതിമാസം 1500/- രൂപ പെൻഷൻ നൽകി വരുന്നു. (വിരമിച്ച റീട്ടെയിൽ റേഷൻ വ്യാപാരികൾക്ക് മാത്രമാണ് ഈ ക്ഷേമനിധിയിൽ നിന്നും പെൻഷൻ നൽകുന്നത്). |
| 14 | കേരള സാംസ്കാരിക പ്രവർത്തക തൊഴിലാളി ക്ഷേമനിധി ബോർഡ് | സാംസ്കാരിക ക്ഷേമനിധി ബോർഡ് പങ്കാളിത്ത പെൻഷനാണ് നൽകിവരുന്നത്. പെൻഷനും, ഫാമിലി പെൻഷനും നൽകി വരുന്നു. |
| 15 | കേരള പ്രവാസി തൊഴിലാളി ക്ഷേമനിധി ബോർഡ് | **1. പെൻഷൻ**<br>അറുപത് വയസ്സ് പൂർത്തിയായതും അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം)-(1എ) അംഗത്തിനും, ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-(1ബി) അംഗത്തിനും, പ്രവാസി കേരളീയൻ (ഭാരതം)-2എ അംഗത്തിനും പ്രതിമാസം 2000 രൂപ പെൻഷൻ അനുവദിച്ച് വരുന്നു. അഞ്ചുവർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശാദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ അഞ്ചു വർഷത്തിന് ശേഷമുള്ള ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് |

| | | |
|---|---|---|
| | | ശതമാനത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നൽകുന്നുണ്ട്. എന്നാൽ മൊത്തം പെൻഷൻ തുക മിനിമം പെൻഷൻ തുകയുടെ ഇരട്ടിയിൽ കൂടുന്നതല്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2017 സെപ്റ്റംബർ മുതൽ കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസ പെൻഷൻ 2000/- രൂപയായി വർദ്ധിപ്പിച്ചു.<br>**2. കുടുംബപെൻഷൻ**<br>പെൻഷന് അർഹത നേടിയതിന് ശേഷം ഒരംഗം മരണമടയുന്ന പക്ഷം അയാളുടെ കുടുംബാംഗങ്ങൾക്ക് പ്രതിമാസ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ പെൻഷൻ തുകയുടെ അൻപതു ശതമാനം ആയിരിക്കും.<br>**3. അവശതാ പെൻഷൻ**<br>തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുഭവിക്കുന്നതും ക്ഷേമനിധിയിൽ മൂന്നു വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശാദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കുന്നതാണ്. |
| 16 | കേരള അഡ്വക്കേറ്റ്സ് ക്ളാർക്ക്സ് ക്ഷേമനിധി ബോർഡ് | ക്ഷേമനിധിയിൽ അംഗങ്ങൾക്ക് അവർ അഡ്വക്കേറ്റ്സ് ക്ലാർക്കായി സേവനം ചെയ്തിട്ടുള്ള വർഷങ്ങളുടെ അടിസ്ഥാനത്തിൽ കുറഞ്ഞത് 200/- രൂപ മുതൽ പരമാവധി 600/- രൂപ വരെ പ്രതിമാസ പെൻഷൻ നൽകുന്നുണ്ട്. |
| 17 | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും ക്ഷേമനിധി ബോർഡ് | കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിൽ നിന്നും പെൻഷൻ, കുടുംബ പെൻഷൻ, പ്രത്യേക പെൻഷൻ എന്നിവ നൽകി വരുന്നു. |
| 18 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മൂന്ന് തരത്തിലുള്ള പെൻഷൻ നിലവിൽ നൽകിവരുന്നു.<br>1. ക്ഷേമ നിധിയിൽ നിന്നും പിരിയുന്നവർക്കുള്ള പെൻഷൻ<br>2.പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കെ മരണപ്പെടുന്ന പെൻഷണർമാരുടെ ഭാര്യ / ഭർത്താവിനുള്ള കുടുംബ പെൻഷൻ |

| | | |
|---|---|---|
| | | 3. തൊഴിലിലിരിക്കെ മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്കുള്ള സാന്ത്വന പെൻഷൻ. |
| 19 | ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ്) | അൺഅറ്റാച്ച്ഡ് വിഭാഗം: കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നാണ് അൺഅറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നത്.<br>സ്കാറ്റേർഡ് വിഭാഗം: സർക്കാർ നൽകി വരുന്ന ഫണ്ടിൽ നിന്നും സ്കാറ്റേർഡ് വിഭാഗം ക്ഷേമപെൻഷൻ വിതരണം ചെയ്തു വരുന്നു. |
| 20 | ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായത്തോടെ പെൻഷൻ നൽകുന്നു. |
| 21 | ബീഡി&സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | ബീഡി ചുരുട്ട് തൊഴിലാളി പെൻഷൻ നൽകി വരുന്നു. |
| 22 | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബോർഡ് | മെമ്പർ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, സാന്ത്വന ധനസഹായം എന്നിവ നൽകുന്നു. |
| 23 | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡ് | കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് പെൻഷൻ, അവശതാ പെൻഷൻ എന്നിവ നൽകി വരുന്നു. |
| 24 | കേരള അംഗൻവാടി വർക്കേഴ്സ് ക്ഷേമനിധി ബോർഡ് | 10 വർഷം കുറയാതെ അംശാദായം അടച്ചിട്ടുള്ള ഏതൊരു അങ്കണവാടി പ്രവർത്തകയ്ക്കും അയാൾ സേവനം അവസാനിപ്പിക്കുമ്പോഴോ അനാരോഗ്യം കാരണം സേവനത്തിൽ തുടരാൻ കഴിയാതിരിക്കുമ്പോഴോ അയാൾ അംശാദായം അടച്ച തുകയും സർക്കാർ വിഹിതവും പെൻഷനും നൽകുന്നു. അങ്കണവാടി വർക്കർക്ക് 1000/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 600/- രൂപയും ക്ഷേമനിധി പെൻഷൻ നൽകി വരുന്നു. |
| 25 | കൃഷി വകുപ്പ് | കാർഷികോൽപ്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 60 വയസ്സ് തികഞ്ഞ കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ ഒരു കൈത്താങ്ങ് എന്ന നിലയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ചെറുകിട നാമമാത്ര കർഷക പെൻഷൻ നടപ്പിലാക്കുന്നുണ്ട്.. |

| | | |
|---|---|---|
| 26 | റവന്യൂ വകുപ്പ് | റവന്യൂ വകുപ്പ് മുഖേന നൽകി വരുന്ന പെൻഷനുകൾ ചുവടെ ചേർക്കുന്നവയാണ്.<br>1. കാൻസർ രോഗികൾക്കുള്ള പെൻഷൻ<br>2. റ്റി.ബി രോഗികൾക്കുള്ള പെൻഷൻ<br>3. കുഷ്ഠ രോഗികൾക്കുള്ള പെൻഷൻ<br>4. അവശരായ സർക്കസ് കലാകാര പെൻഷൻ |
| 27 | കായിക യുവജന ക്ഷേമ വകുപ്പ് | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ അവശത അനുഭവിക്കുന്ന മുൻ കായിക താരങ്ങൾക്ക് പെൻഷൻ നൽകി വരുന്നു. പ്രതിമാസ തുക 70 വയസ്സിന് മുകളിൽ 1100/-, 60 വയസ്സിനു മുകളിൽ 850/-, 55 വയസ്സിനു മുകളിൽ 600/- എന്നീ ക്രമത്തിൽ വയസ്സിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിരിക്കുന്നു. കായിക - യുവജന കാര്യാലയത്തിൽ നിന്നും സർക്കസ്സ് പെൻഷനും നൽകുന്നുണ്ട്. |
| 28 | സാംസ്കാരിക വകുപ്പ് | സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേന പ്രതിമാസം 1500/- രൂപ വീതം സംസ്ഥാന കലാകാരപെൻഷനായി നൽകിവരുന്നുണ്ട്. കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കലാകാരന്മാർക്ക് പ്രതിമാസം 3000/- രൂപ, ക്ഷേമനിധി ബോർഡ് പെൻഷൻ നൽകിവരുന്നു. കേരള ചലച്ചിത്ര അക്കാദമി ചലച്ചിത്ര കലയുമായി ബന്ധപ്പെട്ടവർക്ക് 1000/- രൂപ പ്രതിമാസ പെൻഷൻ നൽകുന്നു. |

# അനുബന്ധം 2

| പെൻഷൻ ഇനം | ആകെ ഗുണഭോക്താക്കളുടെ എണ്ണം | കേന്ദ്ര വിഹിതം ലഭിക്കുന്നവരുടെ എണ്ണം | | പെൻഷൻ ഉപവിഭാഗം | പ്രതിമാസ സംസ്ഥാന വിഹിതം | പ്രതിമാസ കേന്ദ്ര വിഹിതം | ആകെ |
|---|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 22,89,178 | 60 മുതൽ 79 വയസ്സ് വരെ | 379190 | പ്രായം 75 വയസ്സ് വരെ | 1000 | 200 | 1200 |
| | | 80 വയസ്സും അതിനു മുകളിലും | 69968 | പ്രായം 75 വയസ്സിന് മുകളിൽ 80 വയസ്സിന് താഴെ | 1300 | 200 | 1500 |
| | | | | പ്രായം 80 വയസ്സും അതിനു മുകളിലും | 1000 | 500 | 1500 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 378756 | 29935 | | അംഗപരിമിതി 80% ത്തിൽ കുറവ് ( 80 വയസ്സിനു താഴെ ) | 1200 | ഇല്ല | 1200 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ് മുതൽ 80 വയസ്സിനു താഴെ വരെ ) | 1000 | 300 | 1300 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും ) | 800 | 500 | 1300 |
| | | | | അംഗപരിമിതി 80% ഉം അതിനു മുകളിലും ( 18 വയസ്സിനു താഴെ ) | 1300 | ഇല്ല | 1300 |

| | | | | | | |
|---|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1279221 | 209236 | 40 വയസ്സിൽ താഴെ | 1200 | ഇല്ല | 1200 |
| | | | 40 വയസ്സ മുതൽ 80 വയസ്സിനു താഴെ വരെ | 900 | 300 | 1200 |
| | | | 80 വയസ്സും അതിനു മുകളിലും | 700 | 500 | 1200 |
| കർഷക തൊഴിലാളി പെൻഷൻ | 404571 | ----- | -------- | 1200 | ഇല്ല | 1200 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 80132 | ----- | -------- | 1200 | ഇല്ല | 1200 |
| **ആകെ** | **4431858** | **6,88,329** | | | | |